# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം
# നാഷണൽ സർവ്വീസ് സ്കീം, ഹൗസിങ് ബോർഡ് ബിൽഡിംഗ്
# ശാന്തി നഗർ, തിരുവനന്തപുരം

115(1)/ഡി.ജി.ഇ./എച്ച്.എസ്.ഇ./എൻ.എസ്.എസ്./2022 തീയതി : 15/12/2022

## ഉത്തരവ്

**വിഷയം : പൊതുവിദ്യാഭ്യാസവകുപ്പ് - ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം-എൻ.എസ്.എസ്. ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്ന ZBSA അക്കൗണ്ട് തുടങ്ങുന്നത്- സംബന്ധിച്ച്**

**സൂചന :**
**(1) സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുടെ 14/10/2022 ലെ എ2/487/2022/ എൻ.എസ്.എസ്. നമ്പർ കത്ത്**
**(2) സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുടെ 14/10/2022 ലെ എ2/487/2022/1/ എൻ.എസ്.എസ്. നമ്പർ കത്ത്**
**(3) കേന്ദ്രധനകാര്യമന്ത്രാലയത്തിന്റെ 09/03/2022 ലെ F No.1/(18)PFMS/FCD/ 2021 നമ്പർ കത്ത്**
**(4)കേന്ദ്രയുവജനക്ഷേമ കായികവകുപ്പിന്റെ 06/10/2022 ലെ നം. കെ-11023/3/ 2022 എൻ.എസ്.എസ്. നമ്പർ കത്ത്**
**(5) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഡപ്യൂട്ടി മാനേജരുടെ (D&TB) 14/10/2022 ലെ LHO/GBSSU/26/2022-23 നമ്പർ കത്ത്**

സെൻട്രൽ സെക്ടർ സ്കീമുകളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ഫണ്ട് വിതരണം നിലവിലുള്ള സംവിധാനത്തിൽ നിന്നും പുതിയ സി.എൻ.എ. (Central Nodal Agency)സംവിധാനത്തിലേക്ക് മാറുന്നതിനായി പരാമർശം (3) പ്രകാരം കേന്ദ്ര ധനകാര്യമന്ത്രാലയം ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ സെക്ടർ സ്കീമായ എൻ.എസ്.എസ്. ന്റെ ഫണ്ട് വിതരണം സി.എൻ.എ. സംവിധാനത്തിലേക്ക് മാറുന്നതിനും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസറിന് സി.എൻ.എ. അക്കൗണ്ടും പ്രോഗ്രാം കോ-ഓർഡിനേറ്റർ, പ്രോഗ്രാം ഓഫീസർ തലങ്ങളിൽ ZBSA (Zero Balance Subsidiary Account) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ തുടങ്ങുന്നതിന് പരാമർശം (4) പ്രകാരം കേന്ദ്രയുവജനക്ഷേമ കായികമന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം എസ്.ബി.ഐ. ഡപ്യൂട്ടി ജനറൽ മാനേജർ (D&TB) സി.എൻ.എ. അക്കൗണ്ട് തുടങ്ങുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മേൽപരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് അടിയന്തിരമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ZBSA അക്കൗണ്ട് തുടങ്ങുന്നതിന് നിർദ്ദേശിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രോഗ്രാം ഓഫീസർ തലത്തിൽ ZBSA (Zero Balance Subsidiary Account) അക്കൗണ്ടുകൾ Current അക്കൗണ്ടുകളായി വേണം തുടങ്ങേണ്ടത്.

2. നിലവിലുള്ള എസ്.ബി.അക്കൗണ്ടുകൾ യാതൊരു കാരണവശാലും ഉപയോഗിക്കുവാനോ പരിവർത്തനം ചെയ്യുവാനോ പാടില്ല. എന്നാൽ നിലവിലുള്ളത് കറന്റ് അക്കൗണ്ട് ആണെങ്കിൽ ആയത് പുതിയ ZBSA ആയി പരിവർത്തനം ചെയ്യാവുന്നതാണ്.

3. ഗ്രാന്റ്-ഇൻ-എയ്ഡിന്റെ നിലവിലുള്ള അക്കൗണ്ടിൽ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ടി തുക സംസ്ഥാന എൻ.എസ്.എസ്. ഓഫീസിന്റെ പുതിയ സി.എൻ.എ. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

| | |
|---|---|
| Account Name | : State Level NSS Cell, Kerala |
| Account No. | : 00000041344922713 |
| IFScode | : SBIN0070415 |
| Branch | : SBI Vikas Bhavan Branch, Trivandrum, Kerala |

4. ZBSA അക്കൗണ്ട് തുടങ്ങിയശേഷം ടി അക്കൗണ്ട് വിവരങ്ങൾ PFMS മായി മാപ്പ് ചെയ്യേണ്ടതാണ്.

5. ZBSA അക്കൗണ്ട് തുടങ്ങുന്നതിന് താഴെപറയുന്ന രേഖകൾ ബാങ്കിൽ ഹാജരാക്കേണ്ടതാണ്.

(i) പ്രോഗ്രാം ഓഫീസറായി നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ്

(ii) ഓഫീസ് ഐ.ഡി. കാർഡിന്റെ പകർപ്പ്

(iii) സ്കൂൾ തലത്തിൽ എൻ.എസ്.എസ്. യൂണിറ്റ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ / മിനിട്ട്സിന്റെ പകർപ്പ്.

(iv) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഡപ്യൂട്ടി ജനറൽ മാനേജരുടെ (D&TB) 14/10/2022 ലെ LHO/GBSSU/26/2022-23 നമ്പറിന്റെ പകർപ്പ്.

(v) K. Y. C ഡോക്കുമെന്റേഷൻ

(1) പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്/വോട്ടർ ഐ.ഡി/പാൻ കാർഡ്/ആധാർ ഇവയിലൊന്നിന്റെ പകർപ്പ്.

(2) ഇൻസ്റ്റിറ്റ്യൂഷൻ പാൻ കാർഡിന്റെ പകർപ്പ്/ഫോം 60

(3) പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്

ജീവൻ ബാബു കെ. IAS
പൊതുവിദ്യാഭ്യാസഡയറക്ടർ